**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3097** **25-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കുന്നത്തുനാട്മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് (JMK) കീഴിൽ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ശുദ്ധജല കൂട്കൃഷി, കുളങ്ങളിലെ ശുദ്ധ ജലമത്സ്യ കൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസാംവാള), പരമ്പരാഗത കാർപ്പ് മത്സ്യകൃഷി എന്നീ കൃഷിരീതി പദ്ധതികളും പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയുടെ കീഴിൽ മീഡിയം സ്കെയിൽ ഓർണമെന്റൽ, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി, സംയോജിത അലങ്കാര മത്സ്യകൃഷി എന്നീ കൃഷിരീതികൾ സബ്സിഡിയോട്കൂടി നടപ്പിലാക്കി വരുന്നു. കൂടാതെ മത്സ്യകൃഷി സംബന്ധിച്ച സങ്കേതിക പരിശീലനവും നൽകിവരുന്നു. |
| (ബി) | പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ള മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ? | (ബി) | ഐക്കരനാട്, പൂതൃക്ക, തിരുവാണിയൂർ, കുന്നത്തുനാട്, മഴുവന്നൂർ, വടവുകോട് പുത്തൻകുരിശ്, കിഴക്കമ്പലം എന്നിവയാണ് പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുള്ള കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ. വിശദാംശങ്ങൾ ചുവടെചേർക്കുന്നു. |

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | പദ്ധതികൾ |
|---|---|---|
| 1 | ഐക്കരനാട് | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി |
| 2 | പൂതൃക്ക | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, ശുദ്ധജല മത്സ്യകൃഷി |
| 3 | തിരുവാണിയൂർ | ശുദ്ധജല മത്സ്യകൃഷി |
| 4 | കുന്നത്തുനാട് | പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി |
| 5 | മഴുവന്നൂർ | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, മീഡിയം സ്കെയിൽ ഓർണമെന്റൽ, സംയോജിത |

| | | |
|---|---|---|
| | | അലങ്കാര മത്സ്യകൃഷി, ശുദ്ധജല കുളങ്ങളുടെ നിർമ്മാണം, ശുദ്ധജല കൂട്ടകൃഷി |
| 6 | വടവുകോട് പുത്തൻകുരിശ് | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസാംവാള) |
| 7 | കിഴക്കമ്പലം | പരമ്പരാഗത കാർപ്പ് മത്സ്യകൃഷി |

സെക്ഷൻ ഓഫീസർ